**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3959** **28-06-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സുതാര്യവും നീതിയുക്തവുമായി നിയമം നടപ്പാക്കി പൗരാവകാശങ്ങൾ, വ്യക്തി മഹത്വം എന്നിവ സംരക്ഷിച്ചുകൊണ്ട് ക്രമസമാധാനപാലനം നടത്തുവാൻ പ്രതിജ്ഞാബദ്ധമായ സംവിധാനമായി സംസ്ഥാന പോലീസിനെ മാറ്റിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സുസ്ഥിര വികസനം എന്ന ലക്ഷ്യം നേടുന്നതിന് സമാധാനപൂർണ്ണമായ അന്തരീക്ഷം ഏറ്റവും അവശ്യ ഘടകമാണ്. എങ്കിൽ മാത്രമേ, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം സുരക്ഷയോടും സമാധാനത്തോടും കൂടി ജീവിക്കാൻ കഴിയുന്ന മികച്ച സംസ്ഥാനമായി കേരളത്തെ പരിവർത്തിപ്പിച്ച് നിലനിർത്താൻ സാധിക്കുകയുള്ളൂ. പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിരവധി കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മികച്ച രീതിയിൽ സംസ്ഥാനത്ത് ക്രമസമാധാനം നിലനിൽക്കുമ്പോൾ പോലീസിന്റെ ജനോപകാര പ്രവർത്തനങ്ങൾ മൂടിവച്ച് ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉയർത്തിക്കാട്ടി പൊതുജനങ്ങൾക്കിടയിൽ പോലീസിന് അവമതിപ്പുണ്ടാക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. എല്ലാ തരം വ്യാജ പ്രചരണങ്ങളും കേരള പോലീസിന്റെ സൈബർ ഓപ്പറേഷൻസ് വിഭാഗം നിരീക്ഷിച്ച് വരുന്നതും സാമൂഹ്യസൗഹാർദ്ദം തകർക്കുന്ന തരത്തിലോ ക്രമസമാധാനത്തിന് ഭംഗം വരുത്തുന്ന തരത്തിലോ വ്യാജപ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (സി) | ജനങ്ങളും പോലീസും തമ്മിൽ ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി ശക്തമായ മീഡിയ പ്ലാറ്റ്ഫോം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ ആഭിമുഖ്യത്തിൽ അത്യാധുനികമായ പബ്ലിക് റിലേഷൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; വിശദമാക്കുമോ; | (സി) | ജനങ്ങളും പോലീസും തമ്മിൽ മികച്ച രീതിയിൽ ആശയവിനിമയം സാധ്യമാക്കുന്നതിന് സാമൂഹ്യമാധ്യമങ്ങളെ പരമാവധി ഉപയോഗിച്ചുവരുന്നു. പോലീസ് ആസ്ഥാനത്തെ സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിനാണ് പോലീസിന്റെ പബ്ലിക് റിലേഷൻസ് വിഭാഗങ്ങളുടെ ചുമതല. ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ ഉൾപ്പെടെ പൊതുജനങ്ങൾ |

| | | | |
|---|---|---|---|
| | | | അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് സാമൂഹ്യ മാധ്യമങ്ങളിലൂടെ യഥാസമയം അവബോധം നൽകുന്നതിന് വളരെയേറെ നടപടികൾ സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ സാമ്പത്തികതട്ടിപ്പിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കേരള പോലീസിനു വേണ്ടി സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ച നാലു ലഘുചിത്രങ്ങൾ പുറത്തിറക്കുകയുണ്ടായി. ഏറ്റവും അധികം ഫോളോവേഴ്സ് ഉള്ള പോലീസ് ഫേസ്ബുക്ക് പേജ് എന്ന ബഹുമതി കേരള പോലീസിന്റെ ഫേസ്ബുക്ക് പേജ് കരസ്ഥമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് അറിവ് പകരുന്നതിനായി പോലീസിന് ഫേസ്ബുക്ക് കൂടാതെ ഇൻസ്റ്റഗ്രാം, എക്സ് (Old Twitter) മുതലായ സാമൂഹ്യമാധ്യമങ്ങളിലും ഔദ്യോഗിക അക്കൗണ്ടുകൾ നിലവിലുണ്ട്. സംസ്ഥാന സർക്കാരിന്റെ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്ന് നിയമിതനായ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിൽ ഉള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലാണ് സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ പ്രവർത്തിക്കുന്നത്. |
| (ഡി) | പോലീസ് സംവിധാനത്തിന്റെ നവീകരണത്തിന്റെ ഭാഗമായി സാമൂഹ്യ മാധ്യമ വിശകലന ലാബ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. എന്നാൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ലോകത്തെ ഏറ്റവും നിലവാരമുള്ള ഒരു സേനയായി സംസ്ഥാന പോലീസിനെ പരിവർത്തനം ചെയ്യേണ്ടതുണ്ടെന്നും അതിലൂടെ ഏറ്റവും മികച്ച സേവന വിതരണം (Service Delivery) പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ പോലീസിനെ ആധുനിക വത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ആധുനികീകരണത്തിന്റെ ഭാഗമായി പോലീസ് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- പോലീസ് സ്റ്റേഷനിൽ ഹാജരാകാതെ തന്നെ ഏതൊരു പൗരനും ഓൺലൈനായി പരാതി നൽകുവാനുള്ള പ്രത്യേക പോർട്ടൽ (THUNA/Pol-APP) പൊതുജനങ്ങൾക്കായി അവതരിപ്പിച്ചിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മൈക്കിനുള്ള അനുവാദം, FIR പകർപ്പ് ഡൗൺലോഡ്, ആക്സിഡന്റ് GD അപേക്ഷ തുടങ്ങിയ നിരവധി സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
- പോലീസ് ഉദ്യോഗസ്ഥർക്ക് കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കി വരുന്നുണ്ട്.
- എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുള്ളതും പോലീസ് സ്റ്റേഷനുകളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.
- എല്ലാ പോലീസ് സ്റ്റേഷനുകളിലും PRO മാരെ നിയമിച്ചിട്ടുണ്ട്.

- മുതിർന്ന പൗരന്മാരുടെ പരാതികളും ആവശ്യങ്ങളും പരിഹരിക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചു വരുന്നുണ്ട്.
- പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് പ്രാഥമിക സൗകര്യങ്ങളോടു കൂടിയ വിശ്രമിക്കാനുള്ള സ്ഥലം ഏർപ്പെടുത്തിയിട്ടുണ്ട്.
- സംസ്ഥാനത്ത് 148 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്.
- വയോജനങ്ങൾക്കും കിടപ്പ് രോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്ന വർക്കും ആവശ്യമായ സഹായങ്ങൾ ജനമൈത്രി ബീറ്റ് ഓഫീസർ/ കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാർ (CRO) മുഖേന നൽകി വരുന്നുണ്ട്.
- സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും കുറഞ്ഞത് 12 അത്യാധുനിക സി.സി.ടി.വി ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.
- സൈബർ കേസുകൾ കുറ്റമറ്റ രീതിയിൽ അന്വേഷിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നിയമിച്ചിട്ടുണ്ട്.
- എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻസ്പെക്ടർമാരെ SHO മാരായി നിയമിക്കുകയും ക്രമസമാധാന പാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- സംസ്ഥാനത്ത് എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.
- സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ വനിതാ പോലീസ് സ്റ്റേഷനുകൾ ഇല്ലാതിരുന്ന പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ്

എന്നീ റവന്യൂ ജില്ലകളിൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾ കൂടി ആരംഭിച്ചു.

- മയക്ക് മരുന്ന് ഉപയോഗം തടയുന്നതിനായി സ്ഥാപിച്ചിട്ടുള്ള Kerala Anti-Narcotic Special Action Force (KANSAF)-ന് വേണ്ടി മയക്ക് മരുന്ന് ഉപയോഗിച്ചിട്ടുണ്ടോ എന്ന് തിരിച്ചറിയുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.
- ശാസ്ത്രീയ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequenser, Advanced equipment for document exmination, PCR Machine, Ultra Low Temperature Freezer, Automated DNA Extraction System, Mobile Compactor Storage തുടങ്ങിയ നിരവധി ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിനായി വാങ്ങിയിട്ടുണ്ട്.
- 112 സംവിധാനത്തോടു കൂടി കേന്ദ്രീകൃത കൺട്രോൾ റൂം ERSS പോലീസ് ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു.
- വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കോമേഴ്സിന്റെയും കമ്പോള സമ്പദ് വ്യവസ്ഥയുടെയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷകർ ഉൾപ്പെടുന്ന സാമ്പത്തിക കുറ്റകൃത്യ വിഭാഗം വളരെ അനിവാര്യമാണ്. നിലവിലെ അംഗബലത്തിൽ ക്രൈം ബ്രാഞ്ചിന് ഇത്രയും വലിയ സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ സാധ്യമല്ലാത്തതിനാൽ സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സാമ്പത്തിക കുറ്റകൃത്യ വിഭാഗം ക്രൈം ബ്രാഞ്ചിന് കീഴിൽ ആരംഭിച്ചു. ഇതിനായി ആകെ ഒരു ഐ.ജി.പി.യും 4 എസ്.പി.യും 11 ഡി.വൈ.എസ്.പി.മാരുമടങ്ങുന്ന 233 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.
- സൈബർ ഇടങ്ങളിൽ മാറിമാറി വരുന്ന പുതിയ സാങ്കേതിക വിദ്യകൾ ജനങ്ങൾക്ക് ഉപകാരപ്രദമായി മാറുന്നതിനോടൊപ്പം

തന്നെ സാമൂഹ്യ വിരുദ്ധർ അവ ദുരുപയോഗം ചെയ്ത് സാമ്പത്തിക തട്ടിപ്പും മറ്റ് തരത്തിലുള്ള വിദ്വേഷ പ്രചരണങ്ങൾക്കും ഉപയോഗിക്കുന്നത് ആധുനിക ലോകത്ത് വലിയ വെല്ലുവിളിയായി ഉയർന്നിട്ടുണ്ട്. ഇത്തരം വെല്ലുവിളികൾ നേരിടുന്നതിനായി പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് 05.01.2024-ൽ സർക്കാർ ഉത്തരവ് (കൈ) നം.04/2024/ആഭ്യ. പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആകെ 466 തസ്തികകൾ സൈബർ ഡിവിഷന്റെ ഭാഗമാക്കിയിട്ടുണ്ട്.

- നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
- തിരുവനന്തപുരം സൈബർ ഡോമിൽ നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭാവിയിൽ ഉണ്ടായേക്കാവുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ കേരള പോലീസ് സൈബർ ഡോം മെറ്റാവേഴ്സിൽ പഠനങ്ങൾ നടത്തി വരുന്നു. ഇതിലൂടെ സോഷ്യൽ മീഡിയ, ഓൺലൈൻ ഗെയിമിംഗ്, Augmented Reality (AR), Virtual Reality (VR), ക്രിപ്റ്റോ കറൻസികൾ എന്നിവയുടെ ഗുണങ്ങളും ദോഷങ്ങളും മെറ്റാവേഴ്സ് സംയോജിപ്പിച്ച് ഉപയോക്താക്കൾക്ക് വെർച്വലായി അവബോധം നൽകുവാൻ സഹായിക്കുന്നു. കൂടാതെ പെരിമീറ്റർ സെക്യൂരിറ്റി, ഫെയ്സ് ഡിറ്റക്ഷൻ എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ പഠനങ്ങളും ഇവിടെ നടന്നു വരുന്നു.
- ശാസ്ത്രീയ കുറ്റാന്വേഷണത്തിൽ ഏറെ സഹായകരമാണ് വിരലടയാള പരിശോധനകൾ. ആയത് ഡിജിറ്റൈസ്

ചെയ്യുന്നതിനായി Automated Finger Print Identification System നടപ്പാക്കിയിട്ടുണ്ട്.

- സംസ്ഥാനത്തെ വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനായി ഫോൺ കോളുകൾ മേസ്സേജ്ജുകൾ നിയമപരമായി intercept ചെയ്യുന്നതിന് Central Monitoring System (CMS) നടപ്പിലാക്കിയിട്ടുണ്ട്.
- സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് Cyber Cime Prevention Against Women and Children (CCPWC) പ്രോജക്ട്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിങ് സെന്റർ ആരംഭിച്ചിട്ടുണ്ട്.
- എല്ലാ റെവന്യൂ ജില്ലകളിലും ഫോറൻസിക് സയൻസ് ലാബുകൾ പ്രവർത്തന സജ്ജമാക്കി. ഫോറൻസിക് സയൻസ് ലാബുകൾക്കുവേണ്ടി 28 പുതിയ തസ്തികകൾ 12.01.2024-ലെ സ.ഉ.(കൈ)നം.16/2024/ആഭ്യ. ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.
- ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗം കൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസിക വിഷമങ്ങളും മനോവൈകല്യങ്ങളും പരിഹരിക്കുന്നതിനായി ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.
- സ്റ്റുഡന്റ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിൽ വ്യാപിപ്പിച്ചു.
- **HOPE പദ്ധതി** - പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുട്ടികളെയും SSLC/Plus Two പരീക്ഷയിൽ പരാജയപ്പെട്ട കുട്ടികളെയും കണ്ടെത്തി അവർക്ക് ക്ലാസ്സുകൾ നൽകിക്കൊണ്ട് അവരെ പഠന വഴിയിലേക്ക് തിരികെ കൊണ്ടുവരികയും അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുകയും ചെയ്യുന്ന പദ്ധതി.

- **ചിരി പദ്ധതി** – കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ പലപ്പോഴും അംഗീകരിക്കപ്പെടാതെയും ശ്രദ്ധിക്കപ്പെടാതെയും അവശേഷിക്കുന്നു. ക്ഷേമത്തെക്കുറിച്ചുള്ള അവബോധമില്ലായ്മ, ചില സന്ദർഭങ്ങളിൽ, അശാസ്ത്രീയമായ രീതിയിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നു. ഇതിന് പരിഹാരമായി കുട്ടികളുടെ സംരക്ഷണത്തിന് ഉത്തരവാദികളായവരുടെ കൂട്ടായ ഇടപെടലോടെ ദുരിതമനുഭവിക്കുന്ന കുട്ടികൾക്കായി ഒരു മാനസികാരോഗ്യ പിന്തുണാ സംവിധാനം വികസിപ്പിക്കുന്നതിനും കുട്ടികളുടെ പെരുമാറ്റം, വൈകാരികാവസ്ഥ, വ്യക്തിത്വം, പഠനം, ശാരീരിക വെല്ലുവിളികൾ എന്നിവ തിരിച്ചറിയുന്നതിനും ശാസ്ത്രീ യമായി പരിഹരിക്കുന്നതിനും എല്ലാ കുട്ടികളുടെയും ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികളാണ് ചിരി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.
- അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള Vehicle mounted GPS system, Unmanned Aerial Vehicle തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. ജീവഹാനി കൂടാതെ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവീര്യമാക്കുന്നതിനുമുള്ള 'Robotic Mobile Explosive Cutter Vehicle', Unmanned Aerial Vehicle, BDDS ടീമിനാവശ്യമായ Bomb suit, Explosive Detector, Portable X Ray Machine, Dangerous Liquid Detector, Vehicle Mounted X Ray Baggage Inspection System, തുടങ്ങിയവയും വാങ്ങുകയുണ്ടായി.
- MoPF പദ്ധതി 2019-20 പ്രകാരം SSB യുടെ Security Infrastructure വിപുലീകരിക്കുന്നതിനായി 228 ലക്ഷം രൂപാ ചിലവിൽ Explosive Vapour Detectors വാങ്ങിയിട്ടുണ്ട്.
- വിവിധ വർഷങ്ങളിലെ സ്റ്റേറ്റ് പ്ലാനിലും MoPF ലുമായി അനുവദിച്ച തുക ഉപയോഗിച്ച് തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കൊല്ലം റൂറൽ, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, കോഴിക്കോട് സിറ്റി, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ

ജില്ലകളിൽ 1,490 ലക്ഷം രൂപ ചിലവിൽ ജില്ലാ അതിർത്തികൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ Automatic Number plate Recognition System (ANPR) ഉള്ള ക്യാമറകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുള്ളതാണ്.

- MoPF പദ്ധതി പ്രകാരം 9 ജില്ലകളിൽ (തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കൊല്ലം സിറ്റി, കോട്ടയം, ആലപ്പുഴ, കോഴിക്കോട് റൂറൽ, കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ) നിലവിലുള്ള CCTV Surveillance System-നു പുറമേ 855.32 ലക്ഷം രൂപ ചിലവിൽ CCTV Surveillance System സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ളതാണ്.
- ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും, ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി "INTEGRATED DIGITAL TRAFFIC ENFORCEMENT SYSTEM" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് "BOOT" (Build Operate Own Transfer) പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.
- 2023-24 സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം 388.05 ലക്ഷം രൂപ ചിലവിൽ 4 ജില്ലകളിൽ (തിരുവനന്തപുരം റൂറൽ, എറണാകുളം റൂറൽ, പാലക്കാട്, കാസറഗോഡ്) ജില്ലാ അതിർത്തികൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ Automatic Number Plate Recognition System (ANPR) ഉള്ള ക്യാമറകൾ സ്ഥാപിച്ചു.
- 2023-24 സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം മലപ്പുറം സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിന്റെ നവീകരണത്തിനായി Training & Infrastructure വിപുലീകരിക്കുന്നതിനായി 110.33 ലക്ഷം രൂപ ചിലവിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- പോലിസ് സേനയിൽ Strengthening Intelligence വിപുലീകരിക്കുന്നതിനായി 2023-24 പദ്ധതി പ്രകാരം Internal Security, VVIP Security എന്നീ മേഖലകളിൽ മെച്ചപ്പെട്ട

പ്രവർത്തനങ്ങൾ നടത്തുന്നതിനും കൂടുതൽ സുരക്ഷാ ഉപകരണങ്ങൾ DFMD, HHMD, NLJD, DSMD, Explosive Vapour, Detector, Bomb Suit, Bomb inhibitor തുടങ്ങിയവ വാങ്ങുന്നതിനുമായി 130 ലക്ഷം രൂപാ ചിലവിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

- പദ്ധതി വിഹിതം 2021-22, 2022-23, 2023-24 290 ലക്ഷം രൂപ ചിലവിൽ Artificial Intelligence (For crowd control and surveillance, facial identification, scanning video footage for anomalies etc) based mobile application വികസിപ്പിച്ചു വരുന്നു.
- കൂടാതെ പദ്ധതി വിഹിതം 2021-22, 2022-23, 2023-24 പ്രകാരം 440 ലക്ഷം രൂപ ചിലവിൽ Upgradation of Telecommunication capabilities-ന്റെ ഭാഗമായി Software Defined Wide Area Network (SD- WAN) വികസിപ്പിച്ചു വരുന്നു.
- 2022-23 ലെ പദ്ധതി വിഹിതം പ്രകാരം 10 ലക്ഷം രൂപ Infrastructure & Logistics for Traffic Signal Maintenance and Monitoring Centre-നു വേണ്ടി ഉപയോഗിച്ച് വരുന്നു.
- പദ്ധതി വിഹിതം 2022-23, 2023-24 587 ലക്ഷം രൂപ Scheme for Crime and Criminal Tracking Network and Systems (CCTNS)-നുവേണ്ടി ഉപയോഗിച്ചു വരുന്നു.
- പദ്ധതി വിഹിതം 2022-23, 2023-24 82.5 ലക്ഷം രൂപ Scheme for Setting up of Kerala Police Data Centre-നു വേണ്ടി വിനിയോഗിച്ചു
- പദ്ധതി വിഹിതം 2023-24-ന്റെ ഭാഗമായി 110 ലക്ഷം രൂപ ചെലവിൽ ട്രാഫിക് പോലീസിനു വേണ്ട ഉപകരണങ്ങൾ വാങ്ങുന്ന പ്രവർത്തനം പുരോഗമിക്കുന്നു.
- കൂടാതെ പോലീസ് ആധുനിക വൽക്കരണത്തിന്റെ ഭാഗമായി 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കുന്നതിനായി 1,98,66,000 രൂപ ചെലവിലുള്ള പ്രോജക്റ്റ് പുരോഗമിക്കുന്നു.